പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 460 **13-10-2026-ൽ മറുപടിയ്ക്ക്**

ചാവക്കാട് സബ്-ജയിൽ കെട്ടിട നിർമ്മാണ പ്രവൃത്തി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാന ബജറ്റിൽ 20% തുക വകയിരുത്തിയ ചാവക്കാട് സബ് ജയിൽ കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

മറുപടി: 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ എന്ന വിഭാഗത്തിൽ ചാവക്കാട് സബ് ജയിലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ₹2.00 കോടി വകയിരുത്തുകയും അതിന്റെ 20 ശതമാനമായ ₹40 ലക്ഷം അനുവദിക്കുകയും ചെയ്തിരുന്നു. തുടർന്ന്, ചാവക്കാട് സബ് ജയിലിന്റെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യകതകൾ തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം ചേരുകയും പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് പുതിയ കെട്ടിടത്തിനാവശ്യമായ പ്ലാനും റിക്വയർമെന്റും തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു.

പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപെടുത്തി റിക്വയർമെന്റ് ചാവക്കാട് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എൻജിനീയർക്ക് നൽകുകയും, 08.01.2026-ലെ കത്ത് പ്രകാരം ചാവക്കാട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എൻജിനീയർ തയ്യാറാക്കിയ പുതിയ വിശദമായ ആർക്കിടെക്ചറൽ ഡ്രോയിംഗ് സബ് ജയിൽ സൂപ്രണ്ട് പരിശോധിച്ച് ഒപ്പിട്ട് തിരികെ സമർപ്പിക്കുകയും ചെയ്തു.

09.02.2026 -ലെ കത്ത് പ്രകാരം പുതിയ Detailed Architectural Drawing, Plan, Section, Elevation മദ്ധ്യമേഖലാ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും തുടർന്ന് 02.05.2026 -ലെ KPCS/SJ/CHVK/221/2026-PWD കത്ത് പ്രകാരം അയച്ച ഡ്രോയിംഗും പ്ലാനും ജയിൽ ആസ്ഥാന കാര്യാലയത്തിൽ നിന്നും അംഗീകരിക്കുകയും എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ സമർപ്പിച്ച DSOR 2021 പ്ര കാരമുള്ള ₹2.00 കോടിയുടെ എസ്റ്റിമേറ്റ് ജയിൽ ആസ്ഥാന കാര്യാലയത്തിൽ ലഭിച്ചു.

പുതിയ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ പഴയ നക്സൽ ബ്ലോക്ക് പൊളിച്ചുനീക്കുന്നതിനും നിലവിലുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിനുമുള്ള അനുമതിക്കായി പൊതുമരാമത്ത് വകുപ്പ് 06.03.2026-ലെ BL/655/2026 കത്ത് മുഖേന അപേക്ഷ സമർപ്പിക്കുകയും തുടർന്ന് പുതിയ കെട്ടിടം ഭിന്നശേഷി സൗഹൃദമാണോ എന്നും Model Prison Manual പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്നും

പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജയിൽ ആസ്ഥാന കാര്യാലയത്തിൽ നിന്നും നിർദ്ദേശിക്കുകയും ചെയ്തു.

എറണാകുളം PWD ആർക്കിടെക്ട്ട് വിഭാഗത്തിന്റെയും തൃശ്ശൂർ എക്സിക്യൂട്ടീവ് എൻജിനീയറുടെയും റിപ്പോർട്ട് പ്രകാരം കെട്ടിടം ഭിന്നശേഷി സൗഹൃദമായാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. എന്നാൽ സ്ഥലപരിമിതി കാരണം Model Prison Manual-ലെ എല്ലാ മാനദണ്ഡങ്ങളും പൂർണ്ണമായി പാലിക്കാൻ സാധിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ലഭിച്ചു. തുടർന്ന് ₹2.00 കോടി ചെലവിൽ ചാവക്കാട് സബ് ജയിലിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുന്ന തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി ജയിൽ ആസ്ഥാന കാര്യാലയത്തിൽ നിന്ന് 09.09.2026-ലെ KPCS/7556/2025/P1 കത്ത് പ്രകാരം സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നല്കുന്നതിനുള്ള സാങ്കേതിക തടസ്സം എന്തെന്ന് വിശദമാക്കുമോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയ്ക്കായി പൊതുമരാമത്ത് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ ജയിൽ വകുപ്പിലേയ്ക്ക് ഫയൽ എന്നാണ് നല്കിയതെന്നും പ്രസ്തുത ഫയലിന്മേൽ ജയിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

<u>മറുപടി:</u> ചാവക്കാട് സബ് ജയിലിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറുടെ 12.02.2026 - ലെ CE/BL/PL2/TSR/655/2026-5-1-1 കത്ത് പ്രകാരം ജയിൽ ആസ്ഥാനകാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. തുടർന്ന് വകുപ്പ് തലത്തിൽ ആവശ്യമായ പരി ശോധനകൾ നടത്തിയ ശേഷം ഭരണാനുമതി ലഭ്യമാക്കുന്നതിനായി 09.09.2026-ലെ KPCS/7556/2025/P1 കത്ത് പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ